പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3671 25.06.2013 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യുടെ ദൈനംദിന കിലോമീറ്റർ സർവ്വീസ്

ചോദ്യം ഉത്തരം

ശ്രീമതി. കെ.എസ്. സലീഖ : ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.യുടെ ദൈനംദിന കിലോമീറ്റർ സർവ്വീസ് എത്രയായിരുന്നു ; ആയത് ഇപ്പോൾ എത്ര ; | (എ) | 2010-11 കാലഘട്ടത്തിൽ ദൈനംദിന കിലോമീറ്റർ സർവ്വീസ് 14.79 ലക്ഷം കി.മീറ്റർ ആയിരുന്നു. 2013 മെയ് മാസത്തെ ശരാശരി കണക്കനുസരിച്ച് ശരാശരി 15.03 ലക്ഷം കി.മീറ്റർ സർവ്വീസ് നടത്തുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി.യ്ക്ക് ഇതുമൂലമുണ്ടായ പ്രതിദിന വരുമാനകുറവ് എത്രയെന്ന് വ്യക്തമാക്കുമോ ; | (ബി) | വരുമാനക്കൂടുതലാണ് ഉണ്ടായിട്ടുള്ളത് |
| (സി) | ദീർഘദൂര എക്സ്പ്രസ്സ് ഉൾപ്പെടെ പഴക്കമുള്ള ഫാസ്റ്റ് / സൂപ്പർ ഫാസ്റ്റ് ബസ്സുകൾ ലോക്കൽ സർവ്വീസ് ആക്കിയതു മൂലം എത്ര സർവ്വീസുകൾ കെ.എസ്.ആർ. ടി.സി നിർത്തലാക്കി ; വ്യക്തമാക്കുമോ ; | (സി) | ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സൂപ്പർ ക്ലാസ് സർവ്വീസുകൾക്ക് ഉപയോഗിക്കുന്ന ബസ്സുകൾ 5 വർഷം കാലാവധി പൂർത്തിയാകുമ്പോൾ ഓർഡിനറിയായി മാറ്റണമെന്നാണ് മോട്ടോർ വാഹന ചട്ടം അനുശാസിക്കുന്നത്. അപ്രകാരം മാറ്റപ്പെടുന്ന ബസ്സുകൾക്ക് പകരമായി പുതിയ ബസ് നൽകിയതിനു ശേഷമാണ് അവ ഓർഡിനറിയായി സാധാരണ ഗതിയിൽ മാറ്റി വരുന്നത്. |
| (ഡി) | ദീർഘദൂര സർവ്വീസുകൾ മുൻ സർക്കാരിന്റെ ഭരണാവസാനം എത്രയെണ്ണം ഉണ്ടായിരുന്നു ; ആയത് ഇപ്പോൾ എത്രയെണ്ണം ഉണ്ട് ; വ്യക്തമാക്കുമോ ; | (ഡി) | വോൾവോ, എ.സി എയർ ബസ്, സൂപ്പർ ഡീലക്സ്, സൂപ്പർ എക്സ്പ്രസ്സ്, സൂപ്പർ ഫാസ്റ്റ് എന്നീ തരം ദീർഘദൂര സർവ്വീസുകൾ കഴിഞ്ഞ സർക്കാരിന്റെ ഭരണാവസാനം 286 എണ്ണം ഉണ്ടായിരുന്നു. ഇപ്പോൾ അത് 313 ആയി വർദ്ധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | എ.സി എയർ ബസ് ഇപ്പോൾ കെ.എസ്.ആർ.ടി.സി ഉപയോഗിക്കുന്നില്ല. ടി സർവ്വീസുകൾക്ക് ഉപയോഗിച്ചിരുന്ന എ.സി ബസ്സുകൾ മാറ്റി സൂപ്പർ എക്സ്പ്രസ് എയർ ബസ്സുകൾ നൽകിയിട്ടുണ്ട്. |
| (ഇ) | ഈ സർക്കാർ വന്നതിനു ശേഷം ദീഘദൂര സർവ്വീസുകൾ സ്വകാര്യ വൽക്കരിക്കപ്പെടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ കെ.എസ്.ആർ. ടി.സി കൂടുതൽ ദീർഘദൂര സർവ്വീസ് ഓപ്പറേറ്റു ചെയ്യുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുതിയ ബസ് നിരത്തിലിറങ്ങിത്തുടങ്ങിയതു മുതൽ കൂടുതൽ ദീർഘദൂര സർവ്വീസുകൾ കെ.എസ്.ആർ.ടി.സി നടത്തി വരുന്നുണ്ട്. ഈ സർക്കാരിന്റെ കാലത്ത് 27 സൂപ്പർ ക്ലാസ് സർവ്വീസുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. പുതിയ ബസ് ലഭ്യമാകുന്ന മുറക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കാ വുന്നതാണ്. |

സെക്ഷൻ ഓഫീസർ